# പതിനാലാം കേരള നിയമസഭ

# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2216** **2019 ജൂൺ 14-ലെ മറുപടിയ്ക്ക്**

## <u>ധനകാര്യ പരിശോധന വിഭാഗം കണ്ടെത്തിയ സാമ്പത്തിക ക്രമക്കേടുകൾ</u>

| **<u>ചോദ്യം</u>**<br>**ശ്രീ. കെ.ജെ. മാക്സി** | **<u>മറുപടി</u>**<br>**ഡോ. തോമസ് ഐസക്ക്**<br>**ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
|---|---|
| **(എ)** സംസ്ഥാനത്ത് 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ ധനകാര്യ വകുപ്പിന്റെ പരിശോധന വിഭാഗം നടത്തിയ പരിശോധനയിൽ എത്ര ഓഫീസുകളിൽ സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്; ആയത് എത്ര കോടി രൂപയുടേതെന്നുള്ള വിശദ വിവരം നല്കുമോ; | 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം നടത്തിയ പരിശോധനകളിൽ **500** ഓഫീസുകളിലായി **55.58** കോടി രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. |
| **(ബി)** അതിന്മേൽ എന്ത് നടപടി നാളിതുവരെ സ്വീകരിച്ചു; വിശദമാക്കുമോ; | പരിശോധനയിലെ കണ്ടെത്തലുകളും, പരിഹാര നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശോധനാ റിപ്പോർട്ടുകൾ തുടർ നടപടികൾക്കായി ബന്ധപ്പെട്ട ഭരണവകുപ്പുകൾക്ക് കൈമാറിയിട്ടുണ്ട്. അതാത് ഭരണവകുപ്പുകളാണ് തുടർനടപടികൾ സ്വീകരിക്കേണ്ടത്. |
| **(സി)** ക്രമക്കേട് കണ്ടെത്തിയ വകയിൽ എത്ര തുക നാളിതുവരെ സർക്കാരിലേയ്ക്ക് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടികളുടെ അടിസ്ഥാനത്തിൽ **3,35,54,321/-** രൂപ (മൂന്ന് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി അൻപത്തിനാലായിരത്തി മുന്നൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) സർക്കാരിലേക്ക് ലഭിച്ചിട്ടുണ്ട്. |
| **(ഡി)** ഇതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾക്ക് ഉത്തരവാദികളായിട്ടുള്ള എത്ര പേർക്ക് എതിരെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | അംഗീകരിച്ച പരിശോധനാ റിപ്പോർട്ടുകളിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ **17** ഉദ്യോഗസ്ഥർക്കെതിരേ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ബന്ധപ്പെട്ട ഭരണവകുപ്പുകൾ അറിയിച്ചിട്ടുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**